"ഭരണഭാഷ–മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് – മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി – കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ പന്മന വില്ലേജിൽ പൂജാഭവനത്തിൽ മരണപ്പെട്ട വേണുവിന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==================================================================================

**റവന്യൂ (ഡി.ആർ.എഫ്–സി) വകുപ്പ്**

സ.ഉ. (കൈ) നമ്പർ : 181/2026/RD തീയതി, തിരുവനന്തപുരം, 21.05.2026

==================================================================================

പരാമർശം:– 1. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ (വിജിലൻസ്) 11.11.2025 ലെ DMOH/1419/2025–A6 നമ്പർ റിപ്പോർട്ട്

2. ശ്രീമതി.സിന്ധു, പൂജ ഭവനം, കണ്ണങ്കര ഭാഗം, പന്മന മനയിൽ, കൊല്ലം 17.05.2026 തീയതിയിൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം

3. കൊല്ലം ജില്ലാകളക്ടറുടെ 18.05.2026 ലെ DCKLM/5049/2026–N7 നമ്പർ റിപ്പോർട്ട്

<u>**ഉത്തരവ്**</u>

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ പന്മന വില്ലേജിൽ പൂജാഭവനത്തിൽ മരണപ്പെട്ട വേണുവിന്റെ കുടുംബത്തിന് പര്യാപ്തമായ ധനസഹായവും കുടുംബാംഗത്തിന് ജോലിയും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടിയാന്റെ സഹധർമ്മിണി ശ്രീമതി.സിന്ധു പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

(2) അപേക്ഷകയുടെ ഭർത്താവായ വേണു 05.11.2025 ന് ഹൃദയാഘാതം മൂലം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് മരണപ്പെടുകയുണ്ടായി. രോഗിക്ക് ആവശ്യമായ എല്ലാ കാഷ്വാലിറ്റി പരിശോധനകളും ചികിത്സകളും നൽകിയിരുന്നുവെന്ന് ജില്ലാ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ (വിജിലൻസ്) പരാമർശം (1 ) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) പ്രസ്തുത സംഭവത്തിൽ പരാമർശം (3) പ്രകാരം ജില്ലാ കളക്ടർ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഓട്ടോറിക്ഷാ ഡ്രൈവറായിരുന്ന പരേതനായ വേണു കുടുംബത്തിന്റെ മുഖ്യവരുമാനദായകനായിരുന്നു. മാതാവും ഭാര്യയും രണ്ട് പേൺമക്കളുമുള്ള കുടുംബം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നു. സ്വന്തമായി 4.5 സെന്റ് മാത്രമുള്ള കുടുംബം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ധനസഹായത്താൽ നിർമ്മിച്ച ഗൃഹത്തിലാണ് താമസിച്ചുവരുന്നതെന്നും ടിയാന്റെ ഭാര്യ സ്വകാര്യസ്ഥാപനത്തിൽ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരികയാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നു. നിർധനരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ കുടുംബത്തിന്റെ സാമൂഹിക–സാമ്പത്തിക അവസ്ഥ പരിഗണിച്ചുകൊണ്ട് അനുയോജ്യമായ നടപടികൾ സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ പന്മന വില്ലേജിൽ പൂജാഭവനത്തിൽ മരണപ്പെട്ട വേണുവിന്റെ കുടുംബത്തിന്റെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

(5) വിതരണത്തിനാവശ്യമായി വരുന്ന തുകയായ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുഭരണ(എസ്.സി) വകുപ്പ്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ബി) വകുപ്പുകൾക്ക്